# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1149** | **06.06.2018-ൽ മറുപടിക്ക്**

### ആവാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയിട്ടുള്ള ആവാസ് പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) ഇതരസംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി "ആവാസ്" പ്രകാരം 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് ഉൾപ്പെടുത്തി-യിരിക്കുന്നത്. 2017 നവംബർ 1 മുതൽ ആവാസ് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. |
| (ബി) പദ്ധതി നടപ്പിലാക്കിയ ശേഷം നാളിതുവരെയായി എത്ര തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) 31.05.2018 വരെ 2,67,205 ഇതരസംസ്ഥാന തൊഴിലാളികളെ ആവാസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ആവാസ് പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ആവസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഏതെങ്കിലും ഒരു അംഗീകൃത തിരിച്ചറിയൽ കാർഡുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവാസ് പദ്ധതിയിൽ അംഗമാകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ